# പീപ്പിൾസ് റിവ്യൂ

Estd:2007

സത്യത്തിൻ സാക്ഷി ധർമ്മത്തിൻ പാതയിൽ

2025 മെയ് 02 വെള്ളി | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ







# ചരിത്ര നിമിഷം; വിഴിഞ്ഞം തുറമുഖം നാടിന് സമർപ്പിച്ചു

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചു. വിഴിഞ്ഞം തുറമുഖത്ത് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പദ്ധതി കമ്മീഷൻ ചെയ്തത്. മലയാളത്തിലാണ് പ്രധാനമന്ത്രി സംസാരിച്ച്. പദ്ധതിയുടെ നേട്ടങ്ങളും സാധ്യതകളും ഉയർത്തിക്കാട്ടിയാണ് പ്രധാനമന്ത്രി സംസാരിച്ചത്. ഇനി രാജ്യത്തിന്റെ പണം രാജ്യത്തിനാണെന്നും പണം രാജ്യത്തിന് പുറത്തേക്ക് ഒഴുകില്ലെന്നും പറഞ്ഞ പ്രധാനമന്ത്രി, കേരളത്തിനും രാജ്യത്തിനും പുതിയ സാമ്പത്തിക സ്ഥിരത നൽകുമെന്നും വ്യക്തമാക്കി.

രാജ്യത്തിന്റെ തുറമുഖ നഗരങ്ങൾ വികസിത ഭാരത് സങ്കല്പത്തിന്റെ പ്രധാന കേന്ദ്രമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാറിനൊപ്പം ചേർന്ന് വിഴിഞ്ഞം തുറമുഖ വികസനം കേന്ദ്ര സർക്കാർ യാഥാർത്ഥ്യമാക്കി. ഇന്നത്തെ പരിപാടി ഇന്ത്യ സഖ്യത്തിലെ പലരുടേയും ഉറക്കം കെടുത്തും. ഞാൻ വിഴിഞ്ഞം തുറമുഖം കണ്ടു. ഇത്ര വലിയ തുറമുഖം ഗൗതം അദാനി കേരളത്തിൽ നിർമിച്ചതിന് ഗുജറാത്തുകാർ അദ്ദേഹത്തോട് പിണങ്ങുമെന്നും മോദി പ്രസംഗത്തിൽ പറഞ്ഞു.

രാഹുൽ ഗാന്ധിയെ കുത്തി അദാനിയെ പുകഴ്ത്തിയാണ് മോദി പ്രസംഗിച്ചത്. ഇന്ത്യ സംഖ്യത്തിലെ പ്രധാന നേതാവായ പിണറായിയും ശശി തരൂരും ഇവിടെ ഉണ്ട്. ഒരു കമ്മ്യൂണിസ്റ്റ് മന്ത്രി പറയുന്നു, അദാനി തങ്ങളുടെ പങ്കാളിയാണെന്ന്. ഇതാണ് മാറ്റമെന്ന് സ്വാഗത പ്രാസംഗികനായ വിഎൻ വാസവന്റെ പ്രസംഗത്തിലെ പരാമർശം ചൂണ്ടി പ്രധാനമന്ത്രി പരിഹസിച്ചു. സ്വകാര്യ നിക്ഷേപത്തെ കമ്മ്യൂണിസ്റ്റ് മന്ത്രി സ്വാഗതം ചെയ്യുന്നത് നല്ല കാര്യമെന്നും അദ്ദേഹം പറഞ്ഞു.

കൊല്ലം ബൈപ്പാസും ആലപ്പുഴ ബൈപ്പാസും കേന്ദ്ര സർക്കാർ അതിവേഗം പൂർത്തിയാക്കിയെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. കേന്ദ്രപദ്ധതികളിലൂടെ കേരളത്തിന്റെ വികസനം യാഥാർഥ്യമാക്കി. മത്സ്യത്തൊഴിലാളികൾക്കും പ്രാഥമിക പരിഗണ നൽകി. നമ്മുടെ കേരളത്തിൽ ആളുകൾ സൗഹാർദത്തോടെ ജീവിക്കുന്നു. മാർപ്പാപ്പയുടെ സംസ്കാര ചടങ്ങിൽ രാഷ്ട്രപതിയും മന്ത്രി ജോർജ്ജ് കുര്യനും പങ്കെടുത്തു. പലതവണ തനിക്ക് മാർപ്പാപ്പയെ കാണാൻ അവസരം കിട്ടി. അദ്ദേഹത്തിന്റെ പ്രത്യേക സ്നേഹം അനുഭവിക്കാനായി. നമുക്ക് ഒരുമിച്ച് കേരളം പടുത്തുയർത്താം. ജയ് കേരളം, ജയ് ഭാരത് എന്ന് പറഞ്ഞാണ് പ്രധാനമന്ത്രി പ്രസംഗം അവസാനിപ്പിച്ചത്.

ഗവർണർ രാജേന്ദ്ര അർലേകർ, മുഖ്യമന്ത്രി പിണറായി വിജയൻ, അദാനി ഗ്രൂപ് ചെയർമാൻ ഗൗതം അദാനി, കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മന്ത്രി വിഎൻ വാസവൻ, എംപിമാരായ ശശി തരൂർ, ജോൺ ബ്രിട്ടാസ്, എംഎൽഎ എം വിൻസന്റ്, മേയർ ആര്യാ രാജേന്ദ്രൻ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

രാവിലെ ഹെലികോപ്റ്റർ മാർഗം തുറമുഖത്ത് എത്തിയ പ്രധാനമന്ത്രി, പദ്ധതി പ്രദേശം നടന്നുകണ്ട ശേഷമാണ് വേദിയിലേക്ക് എത്തിയത്. ഇവിടെ വച്ച് വേദിയിലുണ്ടായിരുന്ന മന്ത്രിമാരെയും എംപിമാരെയും എംഎൽഎമാരെയും കണ്ട അദ്ദേഹം, സദസിനെ അഭിവാദ്യം ചെയ്തു. ആർപ്പുവിളിച്ചാണ് സദസിലുണ്ടായിരുന്ന ബിജെപി പ്രവർത്തകർ അദ്ദേഹത്തെ സ്വീകരിച്ചത്. പിന്നീട് അദാനി ഗ്രൂപ് ചെയർമാൻ ഗൗതം അദാനി നേരിട്ടെത്തി പ്രധാനമന്ത്രിയെ പൊന്നാടയണിയിച്ചു.

പരിപാടിക്ക് സ്വാഗതം ആശംസിച്ച് സംസാരിച്ച തുറമുഖ വകുപ്പ് മന്ത്രി ഇടതുപക്ഷ സർക്കാരിന്റെ നേട്ടമാണ് വിഴിഞ്ഞം കമ്മീഷനിങ് എന്ന് പറഞ്ഞു. വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്രം വായ്പയായി നൽകിയ വിജിഎഫ് ഫണ്ട് മാത്രമാണ് കേന്ദ്ര വിഹിതമെന്ന് പറഞ്ഞ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രധാനമന്ത്രി മോദിയെ വേദിയിലിരുത്തി കേന്ദ്രസർക്കാർ നിലപാടിനെതിരെ സംസാരിച്ചു. അധ്യക്ഷ പ്രസംഗത്തിൽ പദ്ധതി സംസ്ഥാന സർക്കാരിന്റെ നേട്ടമെന്ന് പറഞ്ഞ അദ്ദേഹം, അങ്ങനെ അതും നമ്മൾ നേടി എന്ന് വ്യക്തമാക്കി. തന്റെ പ്രസംഗത്തിൽ എവിടെയും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ കുറിച്ച് പരാമർശിച്ചില്ല.

## സിനിമാ സീരിയൽ താരം വിഷ്ണു പ്രസാദ് അന്തരിച്ചു



തിരുവനന്തപുരം: പ്രശസ്ത സിനിമാ സീരിയൽ താരം വിഷ്ണു പ്രസാദ് അന്തരിച്ചു. കരൾ രോഗത്തെത്തുടർന്ന് കുറച്ചുനാളായി ഗുരുതരാവസ്ഥയിൽ. വ്യാഴാഴ്ച രാത്രിയോടെയായിരുന്നു മരണം സംഭവിച്ചത്. നടൻ കിഷോർ സത്യയാണ് ഫേസ്ബുക്കിലൂടെ മരണ വിവരം അറിയിച്ചത്. ഒരു സങ്കട വാർത്ത എന്ന് പറഞ്ഞാണ് കിഷോർ സത്യ ഫേസ്ബുക്കിൽ കുറിപ്പ് പങ്കുവച്ചത്. എറണാകുളത്ത് സ്വകാര്യ ആശുപത്രിയിൽ വെച്ചായിരുന്നു മരണം സംഭവിച്ചത്. സംസ്കാരം നാളെ നടക്കും.


നേരത്തെ നടൻറെ ചികിൽസക്ക് 30 ലക്ഷത്തോളം രൂപ ചെലവ് വരുമെന്നും നടൻ കിഷോർ പറഞ്ഞിരുന്നു. സീരിയൽ ആർടിസ്റ്റുകളുടെ സംഘടനയായ ആത്മയിൽ നിന്നും നടന് സാമ്പത്തിക സഹായം നൽകുമെന്നും കിഷോർ സത്യ അറിയിച്ചിരുന്നു.

സിനിമാ താരങ്ങളുടെ സംഘടനയായ അമ്മയിലും വിഷ്ണു പ്രസാദ് അംഗമാണ്. അമ്മയിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുമോ എന്ന കാര്യം തനിക്ക് അറിയില്ലെന്നും കിഷോർ സത്യ കുറച്ചുദിവസങ്ങൾക്ക് മുൻപ് പറഞ്ഞിരുന്നു.

സിനിമകളിലൂടെയും സീരിയലുകളിലൂടെയും പ്രേക്ഷക ശ്രദ്ധ നേടിയ നടനാണ് വിഷ്ണു പ്രസാദ്. വില്ലൻ വേഷങ്ങളിലൂടെയാകും പ്രേക്ഷകരിൽ ഭൂരിഭാഗം പേർക്കും അദ്ദേഹത്തെ പരിചയം. വിനയൻ സംവിധാനം ചെയ്ത തമിഴ് ചിത്രമായ കാശിയിലൂടെയാണ് താരം അഭിനയരംഗത്ത് അരങ്ങേറ്റം കുറിച്ചത്. തുടർന്ന് കൈ എത്തും ദൂരത്ത്, റൺവേ, മാമ്പഴക്കാലം, ലയൺ, ബെൻ ജോൺസൺ, ലോകനാഥൻ ഐഎഎസ്, പതാക, മാറാത്ത നാട് തുടങ്ങിയ സിനിമകളിലും അഭിനയിച്ചു. പിന്നീട് സീരിയലുകളിലും വിഷ്ണുപ്രസാദ് സജീവമായി.

## സിപിഎമ്മിന്റെ ഒരു കോടി രൂപ പിടിച്ചെടുത്ത നടപടിയിൽ തെറ്റില്ല; ഹർജി ഹൈക്കോടതി തള്ളി

കൊച്ചി: ലോക്സഭ തെരഞ്ഞെടുപ്പ് സമയത്ത് തൃശൂരിൽ സിപിഎമ്മിന്റെ ഒരു കോടി രൂപ പിടിച്ചെടുത്ത ആദായനികുതി വകുപ്പിന്റെ നടപടിയിൽ തെറ്റില്ലെന്ന് ഹൈക്കോടതി. പണം പിടിച്ചെടുത്തതിന് എതിരായ സിപിഎമ്മിന്റെ ഹർജി കോടതി തള്ളി. ആദായനികുതി വകുപ്പിന്റെ പരിശോധനയും നടപടിയും നിയമപരമാണെന്നും കോടതി പ്രസ്താവിച്ചു.ബാങ്കിലേക്ക് അടയ്ക്കാൻ കൊണ്ടുവന്ന പണമാണ് ആദായനികുതി വകുപ്പ് പിടിച്ചെടുത്തത്. ബാങ്ക് ഓഫ് ഇന്ത്യയിലെ സിപിഎമ്മിന്റെ അക്കൗണ്ടിൽ 4.81 കോടി രൂപ ഉണ്ടായിരുന്നു. അതിൽ നിന്നും ഒരു കോടി രൂപ സിപിഎം പിൻവലിച്ചത്. തെരഞ്ഞെടുപ്പ് സമയത്ത് വലിയ തോതിലുള്ള തുക പിൻവലിക്കുമ്പോൾ അറിയിക്കണമെന്ന് ആദായനികുതി വകുപ്പിന്റെ നിർദേശമുണ്ടായിരുന്നു.




ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് വിവരം ഐടി അധികൃതരെ അറിയിച്ചു. തുടർന്ന് സിപിഎമ്മിന്റെ അക്കൗണ്ടുകൾ പരിശോധിക്കുകയും, ഒരു കോടി രൂപ പിടിച്ചെടുക്കുകയുമായിരുന്നു. ഇതോടൊപ്പം അക്കൗണ്ടുകൽ മരവിപ്പിക്കുകയും ചെയ്തിരുന്നു. ആദായനികുതി വകുപ്പിന്റെ ഈ നടപടികളെ ചോദ്യം ചെയ്താണ് സിപിഎം തൃശൂർ മുൻ ജില്ലാ സെക്രട്ടറി എംഎം വർഗീസ് കോടതിയെ സമീപിച്ചത്.നിയമപരമായ നടപടികൾ മാത്രമാണ് ആദായനികുതി വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായതെന്നും, കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പരിശോധനയും പണം പിടിച്ചെടുത്തതുമെന്ന് കോടതി വിലയിരുത്തി. അക്കൗണ്ട് മരവിപ്പിച്ച നടപടിയിൽ ഇടപെടുന്നില്ല.

അക്കൗണ്ട് മരവിപ്പിച്ചാൽ സാധാരണ നിലയിൽ 60 ദിവസത്തിന് ശേഷം അക്കൗണ്ട് മരവിപ്പിച്ചത് കാൻസലാകും. അതിനാൽ ഈ വിഷയത്തിൽ ഇടപെടേണ്ടതില്ലെന്നും കോടതി വ്യക്തമാക്കി.

## സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത; അഞ്ച് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. ശക്തമായ മഴ കണക്കിലെടുത്ത് വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.തിങ്കളാഴ്ച മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ഞായറാഴ്ച പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിലും ശക്തമായ മഴയ്ക്ക് സാധ്യതയെന്നാണ് മുന്നറിയിപ്പ്.

## ശ്രീശാന്തിനെ മൂന്ന് വർഷത്തേക്ക് വിലക്കി കേരള ക്രിക്കറ്റ് അസോസിയേഷൻ

തിരുവനന്തപുരം: സഞ്ജു സാംസനെ ചാമ്പ്യൻസ് ട്രോഫി ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്താത്തതിനെ തുടർന്നുണ്ടായ വിവാദത്തിൽ മുൻ അന്താരാഷ്ട്ര ക്രിക്കറ്റ് താരം എസ് ശ്രീശാന്തിനെ സസ്പെന്റ് ചെയ്യാൻ കേരള ക്രിക്കറ്റ് അസോസിയേഷൻ. മൂന്ന് വർഷത്തേക്കാണ് സസ്പെൻഷൻ. കേരള ക്രിക്കറ്റ് അസോസിയേഷനെതിരെ സത്യവിരുദ്ധമായതും, അപമാനകരവുമായതുമായ പ്രസ്താവന നടത്തിയെന്നാരോപിച്ചാണ് നടപടി.30.4.25ൽ എറണാകുളത്ത് ചേർന്ന കേരള ക്രിക്കറ്റ് അസോസിയേഷന്റെ പ്രത്യേക ജനറൽ ബോഡി യോഗത്തിലാണ് തീരുമാനം.



നിലവിൽ കേരള ക്രിക്കറ്റ് ലീഗ് ഫ്രാഞ്ചയ്സീ ടീമായ കൊല്ലം ഏരീസ് സഹ ഉടമയാണ് ശ്രീശാന്ത്. വിവാദമായ പരാമർശങ്ങളെ തുടന്ന് നേരത്തെ ശ്രീശാന്തിനും ഫ്രാഞ്ചയ്സീ ടീമുകളായ കൊല്ലം ഏരീസ്, ആലപ്പി ടീം ലീഡ് കൊണ്ടെന്റർ സായി കൃഷ്ണൻ, ആലപ്പി റിപ്പിൾസ് എന്നിവർക്കെതിരെയും കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.ഫ്രാഞ്ചയ്സീ ടീമുകൾ നോട്ടീസിന് തൃപതികാരമായ മറുപടി നൽകിയതുകൊണ്ട് തന്നെ അവർക്കെതിരെ തുടർനടപടികൾ തുടരേണ്ടതില്ല എന്നും ടീം മാനേജ്മെന്റിൽ അംഗങ്ങളെ ഉൾപ്പെടുത്തുമ്പോൾ ജാഗ്രത പുലർത്താൻ നിർദേശം നല്കാനും യോഗം തീരുമാനിച്ചു. കൂടാതെ സഞ്ജു സാംസന്റെ പേരിൽ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച പിതാവ് സാംസൺ വിശ്വനാഥ്, റെജി ലൂക്കോസ്, 24: 7 ചാനൽ അവതാരക എന്നിവർക്കെതിരെ നഷ്ടപരിഹാരത്തിന് കേസ് നൽകുവാനും ജനറൽ ബോഡിയോഗത്തിൽ തീരുമാനമായി.

## പി വി അൻവർ യുഡിഎഫിലേക്ക്

കോഴിക്കോട്: അനിശ്ചിതത്വങ്ങൾക്കൊടുവിൽ പി വി അൻവർ യുഡിഎഫിലേക്ക്. അൻവറിനെ സഹകരിപ്പിക്കാൻ യുഡിഎഫ് തീരുമാനം. എങ്ങനെ സഹകരിപ്പിക്കണമെന്ന് തീരുമാനിക്കാൻ മുന്നണി ചെയർമാൻ കൂടിയായ പ്രതിപക്ഷ നേതാവ് വി ഡി സതീശനെ യുഡിഎഫ് യോഗം ചുമതലപ്പെടുത്തി.

തൃണമൂൽ കോൺഗ്രസ് പാർട്ടിയെ മുന്നണിയിലെടുക്കാൻ യുഡിഎഫ് നേരത്തെ വിസമ്മതിച്ചിരുന്നു. പകരം പി വി അൻവർ ഒരു പുതിയ പാർട്ടി രൂപീകരിച്ച് മുന്നണിയിലേക്ക് വരിക, അല്ലെങ്കിൽ മുന്നണിയിലെ മറ്റേതെങ്കിലും ഘടകകക്ഷിയിൽ ലയിപ്പിച്ച് യുഡിഎഫിലെത്തുക തുടങ്ങിയ സാധ്യതകളാണ് മുന്നിൽ വെച്ചിട്ടുള്ളത്.പി വി അൻവറുമായി സിഎംപി ചർച്ചകൾ നടത്തുമെന്ന് റിപ്പോർട്ടുകളുണ്ട്.

# 'എന്റെ കേരളം' പ്രദർശന – വിപണന മേള: ആവേശം പകരാൻ സ്കേറ്റിങ്ങും

കോഴിക്കോട്: സംസ്ഥാന സർക്കാറിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി മെയ് മൂന്ന് മുതൽ 12 വരെ നടക്കുന്ന 'എന്റെ കേരളം' പ്രദർശന-വിപണന മേളയുടെ പ്രചാരണാർത്ഥം ഇന്ന് (മെയ് 2) കോഴിക്കോട് ബീച്ചിൽ സ്കേറ്റിങ് സംഘടിപ്പിക്കും. പ്രചാരണ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്പോർട്സ് കൗൺസിലാണ് പരിപാടി ഒരുക്കുന്നത്. വൈകിട്ട് നാലിന് മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം നിർവ്വഹിക്കും.

# സ്പോർട്സ് കൗൺസിൽ മെയ്ദിന കായിക മത്സരങ്ങൾ സംഘടിപ്പിച്ചു

ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ തൊഴിലാളികൾക്കായി മാനാഞ്ചിറ മൈതാനത്ത് മെയ്ദിന കായിക മത്സരങ്ങൾ സംഘടിപ്പിച്ചു. 100 മീറ്റർ ഓട്ടം, ജാവലിൻ ത്രോ, ഷോട്ട്പുട്ട്, കമ്പവലി തുടങ്ങിയവയിൽ പുരുഷ വനിത മത്സരങ്ങൾ നടന്നു. വിജയികൾക്ക് ക്യാഷ് അവാർഡും മെഡലുകളും വിതരണവും ചെയ്തു.

മത്സരങ്ങൾ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ രാജഗോപാൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഡോ. റോയ് ബി ജോൺ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പ്രപു പ്രേംനാഥ്, എക്സിക്യൂട്ടീവ് അംഗം ഇ കോയ തുടങ്ങിയവർ സംസാരിച്ചു.

# നാടിന്റെ വികസനക്കാഴ്ചകൾ ക്യാൻവാസിൽ പകർത്തി 'വികസനവരകൾ'

കോഴിക്കോട്: നാടിന്റെ വികസനക്കാഴ്ചകൾ ക്യാൻവാസിൽ പകർത്തി 'വികസന വരകൾ' സമൂഹ ചിത്രരചന. സംസ്ഥാന സർക്കാറിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി മെയ് മൂന്ന് മുതൽ 12 വരെ കോഴിക്കോട് ബീച്ചിൽ സംഘടിപ്പിക്കുന്ന 'എന്റെ കേരളം' പ്രദർശന-വിപണന മേളയുടെ പ്രചാരണാർത്ഥമാണ് ജില്ലാതല വികസന വരകൾ സംഘടിപ്പിച്ചത്.

ജില്ലയിലെ അറുപതോളം തദ്ദേശ കേന്ദ്രങ്ങളിൽ നടന്ന വികസനവരകളിൽ മികവുറ്റ പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികളും ചിത്രകലാ അധ്യാപകരുമാണ് കോഴിക്കോട് ബീച്ചിൽ നടന്ന ജില്ലാതല പരിപാടിയിൽ പങ്കാളികളായത്. എൽപി മുതലുള്ള ക്ലാസുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്ത ചിത്രരചനയിൽ കോഴിക്കോടിന്റെ പ്രിയപ്പെട്ട എംടിയും നാടിന്റെ പോരാളികളായ ഹരിതകർമ്മ സേനാംഗങ്ങളും ആരോഗ്യ പ്രവർത്തകരും പശ്ചാത്തല വികസനവും റോഡും പാലങ്ങളും കെട്ടിടങ്ങളും ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളും പാലിയേറ്റീവ് പരിചരണവും പെൻഷനുൾപ്പെടെയുള്ള ക്ഷേമ പ്രവർത്തനങ്ങളും കുട്ടികളിലെ ശുചിത്വ പാഠങ്ങളും ഗ്രാമീണ ഭംഗിയും നഗര വികസനവുമെല്ലാം ചായം പുരണ്ട് ക്യാൻവാസ് സമ്പന്നമാക്കി. പരിപാടിയിൽ പങ്കാളികളായ ഭിന്നശേഷി വിദ്യാർത്ഥികളുടെ ക്യാൻവാസിലും വിഴിഞ്ഞം തുറമുഖമുൾപ്പെടെയുള്ള വികസന നേട്ടങ്ങൾ ഇടംപിടിച്ചു. ബീച്ച് കൾചറൽ സ്റ്റേജിൽ നടന്ന പരിപാടി പ്രശസ്ത ചിത്രകാരനും ലളിത കലാ അക്കാദമി സംസ്ഥാന നിർവാഹക സമിതി അംഗവുമായ സുനിൽ അശോകപുരം ഉദ്ഘാടനം ചെയ്തു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ സിപി അബ്ദുൽ കരീം അധ്യക്ഷത വഹിച്ചു. സമഗ്ര ശിക്ഷ കേരള ജില്ലാ പ്രോജക്ട് കോർഡിനേറ്റർ എ കെ അബ്ദുൽ ഹക്കീം, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ രവികുമാർ, രാരാരാജ്, അസിസ്റ്റന്റ് എഡിറ്റർ സൗമ്യ ചന്ദ്രൻ, അസി. ഇൻഫർമേഷൻ ഓഫീസർ എ.പി നൗഷാദ് തുടങ്ങിയവർ സംബന്ധിച്ചു.ജില്ലാ ഇൻഫർമേഷൻ ഓഫീസ്, വിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷ കേരള, ബിആർസി യൂണിറ്റുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. രചനയിൽ പങ്കാളികളായവർക്ക് തദ്ദേശ സ്ഥാപനങ്ങൾ, ബിആർസി മുഖേന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

# ജേണലിസ്റ്റ് വോളി ലീഗ്: ജഴ്സി പ്രകാശനം ചെയ്തു


സംസ്ഥാന ജേണലിസ്റ്റ് വോളിലീഗിനുള്ള കാലിക്കറ്റ് പ്രസ് ക്ലബ് ടീമിന്റെ ജഴ്സി പ്രകാശനം എ.എ റഹീം എം.പി നിർവഹിക്കുന്നു

കോഴിക്കോട്: മെയ് രണ്ട് മുതൽ കണ്ണൂരിൽ നടക്കുന്ന സംസ്ഥാന ജേണലിസ്റ്റ് വോളിലീഗിനുള്ള കാലിക്കറ്റ് പ്രസ് ക്ലബ് ടീമിന്റെ ജഴ്സി പ്രകാശനം എ.എ റഹീം എം.പി നിർവഹിച്ചു. പ്രസ് ക്ലബ് പ്രസിഡന്റ് ഇ.പി മുഹമ്മദ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.കെ സജിത്, ജോ. സെക്രട്ടറി ഒ. സയ്യിദ് അലി ശിഹാബ്, ടീം ക്യാപ്റ്റൻ ഇ. ശശിധരൻ, മാനേജർ പി.വി നജീബ്, പരിശീലകൻ ചിത്തു അപ്പുക്കുട്ടൻ സംസാരിച്ചു. ടീം അംഗങ്ങൾ: ഇ. ശശിധരൻ (ക്യാപ്റ്റൻ), ഡി.ആർ ആദർശ് ലാൽ (വൈസ് ക്യാപ്റ്റൻ), പി.വി നജീബ് (മാനേജർ), കെ.പി സജീവൻ, വി.സി സക്കീർ, അൻവർ, കെ.കെ ബിജു, പി.സി സക്കീർ, ബിജു പരവത്ത്.



ഐ എൻ ടി യു സി അഫിലിയേറ്റഡ് യൂണിയനുകൾ കടപ്പുറം ഗാന്ധി പ്രതിമക്ക് മുമ്പിൽ നടത്തിയ മെയ് ദിനാചരണവും മെയ് ദിന പ്രതിജ്ഞയും മുതിർന്ന ഐ എൻ ടി യു സി നേതാവ് എം കെ ബീരാൻ ഉത്ഘാടനം ചെയ്യുന്നു

# ഭക്ഷണവുമില്ല, താമസസൗകര്യവുമില്ല; തുഷാരഗിരിയിൽ സഞ്ചാരികൾക്ക് ദുരിതം



കോഴിക്കോട് തുഷാരഗിരി ടൂറിസ്റ്റ് കേന്ദ്രത്തിൽ എത്തുന്ന സഞ്ചാരികൾക്ക് ഭക്ഷണം കഴിക്കാനോ താമസിക്കാനോ സൗകര്യമില്ല. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൽ ലക്ഷങ്ങൾ മുടക്കി നിർമിച്ച കോട്ടേജുകളും റസ്റ്റോറന്റും രണ്ടുവർഷമായി തുറന്നുകൊടുത്തില്ല. സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസിക്കാനുള്ള സൗകര്യമാണ് ഇതോടെ നിഷേധിക്കപ്പെടുന്നത്. സംസ്ഥാന ടൂറിസം വകുപ്പാണ് ലക്ഷങ്ങൾ ചെലവിട്ട് നാല് കോട്ടേജുകളും റെസ്റ്റോറൻറും കോൺഫറൻസ് ഹാളും പണിതത്. നിർമാണത്തിനുശേഷം സ്ഥാപനങ്ങൾ ഡിടിപിസിക്ക് കൈമാറി. എന്നാൽ സ്ഥാപനങ്ങളുടെ നടത്തിപ്പ് കരാറുടെത്തവർ ഒരു വർഷം കഴിഞ്ഞപ്പോൾ ഉപേക്ഷിച്ചുപോയി.

പിന്നീട് റീ ടെൻഡർ ചെയ്ത് ഒരാൾ എടുത്തെങ്കിലും കെട്ടിടം തുറന്നില്ല. കഴിഞ്ഞ ദിസം വീണ്ടും ടെണ്ടർ വിളിച്ചെങ്കിലും ആരും വന്നില്ല.ഉയർന്ന തുക കാരണമാണ് കരാറെടുക്കാൻ ആരും വരാത്തതെന്നാണ് വിമർശനം. ആരും വരുന്നില്ലെങ്കിൽ കുടംബശ്രീയുണിറ്റുകളെയോ കേരള ടൂറിസം ഡെവലപ്മെൻറ് കോർപറേഷനെയോ എൽപ്പിക്കണമെന്ന ആവശ്യവും ഉയരുന്നുണ്ട്.

# ഐ എൻ ടി യു സി യൂണിയനുകൾ മെയ് ദിനാചരണവും മെയ് ദിന പ്രതിജ്ഞയും നടത്തി

കോഴിക്കോട് : ഐ എൻ ടി യു സി അഫിലിയേറ്റഡ് യൂണിയൻസ് കടപ്പുറം ഗാന്ധി പ്രതിമക്ക് മുമ്പിൽ നടത്തിയ മെയ് ദിനാചരണവും മെയ് ദിനപ്രതിജ്ഞയും മുതിർന്ന ഐ എൻ ടി യു സി നേതാവ് എം കെ ബീരാൻ ഉത്ഘാടനം ചെയ്തു. ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജില്ലാ പ്രസിഡണ്ട് കെ ദാമോദരൻ അധ്യക്ഷത വഹിച്ചു. എം പി രാമകൃഷ്ണൻ മെയ് ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എം സതീഷ് കുമാർ, റിയൽ എസ്റ്റേറ്റ് ഏജന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് ടി വി സുരേന്ദ്രൻ, സാലറീഡ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി കെ സി അബ്ദുൽ റസാക്ക്, യു ബാബു, ജബ്ബാർ കൊമ്മേരി, കെ വി ശിവാനന്ദൻ, ടി സജീഷ് കുമാർ, കെ പി ശ്രീകുമാർ, ടി പി സുനിൽ കുമാർ, എം ഉമേഷ്, പി ടി മനോജ് എന്നിവർ പ്രസംഗിച്ചു

# കോഴിക്കോട് നഗരത്തിൽ മുറിയെടുത്ത് എംഡിഎംഎ വിൽപ്പന; വാങ്ങുന്നത് വിദ്യാർഥികൾ; യുവാവ് പിടിയിൽ

കോഴിക്കോട്: സ്വകാര്യ ലോഡ്ജിൽ മുറിയെടുത്ത് മയക്കുമരുന്ന് വിൽപ്പന നടത്തിയ യുവാവ് പിടിയിൽ. മലപ്പുറം എടവണ്ണപ്പാറ ചോലയിൽ ഹൗസിൽ കെ. മുബഷീറി(33)നെയാണ് ഗോവിന്ദപുരത്തെ സ്വകാര്യ ലോഡ്ജിൽനിന്ന് നാർക്കോട്ടിക് സെൽ ചുമതലയുള്ള അസിസ്റ്റന്റ് കമ്മീഷണർ ജി. ബാലചന്ദ്രന്റെ നേതൃത്വത്തിലുള്ള ഡാൻസാഫും എസ്ഐ അരുൺ വി.ആറിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ കോളേജ് പോലീസും ചേർന്ന് പിടികൂടിയത്. ഇയാളിൽനിന്ന് 11.31 ഗ്രാം എംഡിഎംഎ പിടിച്ചെടുത്തു.

കോഴിക്കോട് ജില്ലയിൽ ലഹരിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ അരുൺ കെ പവിത്രന്റെ നിർദേശത്തെ തുടർന്ന് പോലീസ് പരിശോധന ശക്തമാക്കിയിരുന്നു. ഇതിനിടെയാണ് രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഗോവിന്ദപുരത്തെ ലോഡ്ജ് മുറിയിൽ നടത്തിയ പരിശോധനയിൽ യുവാവിനെ മയക്കുമരുന്നുമായി പിടികൂടിയത്.

ബെംഗളൂരുവിൽനിന്ന് കൊണ്ടുവരുന്ന എംഡിഎംഎ കോഴിക്കോട്, മലപ്പുറം ഭാഗത്ത് എത്തിച്ച് ചില്ലറ വില്പന നടത്തുന്നവരിൽപ്പെട്ടയാളാണ് മുബഷീർ. കോഴിക്കോട് നഗരത്തിലെ യുവാക്കളെയും വിദ്യാർത്ഥികളെയും കേന്ദ്രീകരിച്ചാണ് പ്രധാനമായും ഇയാളുടെ വിൽപ്പന. ഡാൻസാഫ് സംഘത്തിന്റെ ഏറെനാളത്തെ നിരീക്ഷണത്തിലാണ് ഇയാൾ പിടിയിലായത്. മുബഷീർ സ്ഥിരമായി ലഹരി ഉപയോഗിക്കുന്നയാളാണെന്നും മുമ്പ് വാഴക്കാട് സ്റ്റേഷനിൽ കഞ്ചാവ് ഉപയോഗിച്ചതിന് കേസുണ്ടെന്നും പോലീസ് പറഞ്ഞു.

ഡൻസാഫ് ടീമിലെ എസ്ഐ മാരായ മനോജ് ഇടയേടത്ത്, അബ്ദുറഹ്മാൻ സിപിഒമാരായ സരുൺ കുമാർ പി.കെ , അതുൽ ഇ വി , ദിനീഷ് പി.കെ , അഭിജിത്ത് പി മെഡിക്കൽ കോളേജ് സ്റ്റേഷനിലെ എസ്ഐമാരായ സന്തോഷ് സി , പ്രവീൺ കുമാർ സിപിഒമാരായ ബൈജു. വി, വിജീഷ് പി, ദിവാകരൻ, രൻജു എന്നിവരാണ് അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നത്


ആദരവ് ഏറ്റുവാങ്ങിയ ഉസ്മാൻ കോഴിക്കോട് പാടുന്നു

# സംഗീത ലോകത്ത് 40 വർഷം; ഉസ്മാനെ ആദരിച്ചു

കോഴിക്കോട്: സംഗീത ലോകത്ത് 40 വർഷം പിന്നിട്ട ഉസ്മാൻ കോഴിക്കോടിനെ ജില്ലയിലെ സംഗീത ആസ്വാദക കൂട്ടായ്മയായ ജില്ലാ മ്യൂസിക് ലൗവേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ആദരിച്ചു. മുഹമ്മദ് റഫിയുടെ ഗാനങ്ങളിലൂടെ ശ്രദ്ധേയനാണ് ഉസ്മാൻ കോഴിക്കോട്.

സംവിധായകൻ സുനിൽ ഉപഹാരം സമ്മാനിച്ചു. അസോസിയേഷൻ ചെയർമാൻ പി.ടി.സുബൈർ അധ്യക്ഷത വഹിച്ചു. കെ.സലാം, ആർ.ജയന്ത്കുമാർ, ടി.പി.എം. ഹാഷിർ അലി, പി.പി.അബ്ദുല്ലകോയ, നടൻ അപ്പുണ്ണി ശശി, നടി വേദ സുനിൽ, ഉസ്മാൻ കോഴിക്കോട് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് 'ഏക് ഷാം ഉസ്മാൻ കെ നാം' എന്ന പേരിൽ സംഗീതസന്ധ്യ അരങ്ങേറി. ഉസ്മാൻ കോഴിക്കോട്, നയൻ ജെ ഷാ, മെഹറൂഫ് കാലിക്കറ്റ്, ജിഷ ഉമേഷ്, അനൂന മൻസൂർ, എം.സി.ശുഭ എന്നിവർ ഗാനങ്ങൾ ആലപിച്ചു. മുഹമ്മദ് റഫി, മുകേഷ്, കിഷോർ കുമാർ എന്നിവരുടെ ഗാനങ്ങളാണ് ഇവർ അവതരിപ്പിച്ചത്. പപ്പൻ കോഴിക്കോടിന്റെ നേതൃത്വത്തിൽ ഹരിദാസ് (കീബോർഡ്), ജോയി (സാക്സഫോൺ), സന്തോഷ് (തബല), സോമൻ (ഗിറ്റാർ), അസീസ് (ട്രിപ്പിൾ ഡ്രം) എന്നിവരായിരുന്നു ഓർക്കസ്ട്ര ടീമിൽ ഉണ്ടായിരുന്നത്.

# സന്തോഷ് പാലക്കടക്ക് നഗരത്തിന്റെ സ്നേഹാദരം സംഘാടക സമിതി രൂപികരിച്ചു



കോഴിക്കോട് : നാല് പതിറ്റാണ്ട് കാലമായി കലാ സാംസ്കാരിക -രാഷ്ട്രീയ രംഗത്തെ നിസ്വാർത്ഥ പൊതുപ്രവർത്തകനും നാടക ഡോക്യുമെന്ററി സംവിധായകനുമായ സന്തോഷ് പാലക്കടയെ ആദരിക്കുന്ന പരിപാടിക്കായി സംഘാടക സമിതി രൂപീകരിച്ചു. സുജിത്ത് എടക്കാട് ചെയർമാൻ, കിംഗ്സ് വിജയൻ,സുധാകരൻ ചൂലൂർ, ആയിഷ കക്കോടി വൈ: ചെയർമാൻമാർ. എം. ടി പ്രദീപ് കുമാർ ജനറൽ കൺവീനർ. ബാലചന്ദ്രൻ അത്താണിക്കൽ, ഷിബു വയലക്കര, വിമല ചന്ദ്രൻ ജോ : കൺവീനർമാർ. ദിനേഷ് കുന്നഞ്ചേരി ട്രഷറർ. സന്തോഷ് നടക്കാവ് , കൃഷ്ണദാസ് വല്ലാപ്പുനി, സീമ ഹരിദാസ്, റോയ്സൺ പി സെബാസ്റ്റ്യൻ, സുനിൽ നാഗപാറ, കുഞ്ഞൻ ചേളന്നൂർ, ജയക്കിളി, ഷിജു കുന്നമംഗലം, ബബീഷ് ബാലൻ, പ്രകാശ് കരിമ്പ, അലി കല്ലായി, ഷാജി കല്ലായി, സുനിൽ വീരവഞ്ചേരി, അഷറഫ് പുഴക്കര എക്സിക്കുട്ടീവ് അംഗങ്ങൾ. ഹമീദ് കരിമ്പാല പ്രോഗ്രാം കോ' ഓർഡിനേറ്റർ. സുമൻലാൽ സി.വി ജോ. കോഓർഡിനേറ്റർ. പരാഗ് പന്തിരാങ്കാവ് പ്രചാരണകമ്മറ്റി കൺവീനർ. നിധീഷ് ബൈജു ജോ : കൺവീനർ തുടങ്ങിയവർ ഭാരവാഹികളായി 75 അംഗ സംഘാടക സമിതി രൂപീകരിച്ചു. മെയ് 19 ന് സ്പോർട്സ് കൗൺസിൽ ഹാളിൽ നടക്കുന്ന പരിപാടിയിൽ കലാ സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ പങ്കെടുക്കും. വിവിധ കലാപരിപാടികൾ അരങ്ങേറും. നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് ചേർന്ന യോഗത്തിൽ എം.ടി പ്രദീപ് കുമാർ സ്വാഗതം പറഞ്ഞു. ദിനേഷ് കുന്നഞ്ചേരി അദ്ധ്യക്ഷത വഹിച്ചു.

# ആർ. ശങ്കറിനെപ്പോലുള്ള നേതാക്കൾ ഇല്ലാതായത് കോൺഗ്രസിന് ക്ഷീണമുണ്ടാക്കി – കെ. പ്രവീൺകുമാർ

കോഴിക്കോട് : മതേതരത്വത്തിൽ ഉറച്ചുനിന്നുകൊണ്ട് മതവിഭാഗത്തിന്റെ നേതാവായ മഹാനാണ് മുൻമുഖ്യമന്ത്രി ആർ. ശങ്കറെന്നും അദ്ദേഹത്തെപ്പോലുള്ള നേതാക്കൾ ഇല്ലാതായത് കോൺഗ്രസിന് ക്ഷീണമുണ്ടാക്കിയെന്നും ഡിസിസി പ്രസിഡന്റ് കെ. പ്രവീൺകുമാർ.

ആർ. ശങ്കറിന്റെ 116-ാം ജന്മദിനത്തോടനുബന്ധിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച അനുസ്മരണസമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.കേരളത്തിൽ സാമൂഹ്യനവോത്ഥാനത്തിനും കോൺഗ്രസ് പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനും ശക്തമായ നേതൃത്വംകൊടുത്ത നേതാവായിരുന്നു ആർ. ശങ്കറെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഡിസിസി വൈസ് പ്രസിഡന്റ് എം. രാജൻ അധ്യക്ഷതവഹിച്ചു. കെപിസിസി അംഗം കെ.പി. ബാബു, ഡിസിസി ജനറൽ സെക്രട്ടറി ചോലക്കൽ രാജേന്ദ്രൻ, നിജേഷ് അരവിന്ദ്, അറോട്ടിൽ കിഷോർ എന്നിവർ സംസാരിച്ചു.

# കണ്ണൂരിൽ മൂന്നുവയസ്സുകാരി കാറിടിച്ച് മരിച്ചു; ഒപ്പമുണ്ടായിരുന്ന മുത്തശ്ശിക്ക് പരിക്ക്

കണ്ണൂർ: പയ്യാവൂരിൽ റോഡരികിലൂടെ നടന്നുപോവുകയായിരുന്ന മൂന്നുവയസ്സുകാരി കാറിടിച്ച് മരിച്ചു. ഒറവക്കുഴിയിൽ നോറയാണ് മരിച്ചത്. കുട്ടിയുടെ മുത്തശ്ശിയെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വ്യാഴാഴ്ച വൈകുന്നേരമാണ് പയ്യാവൂർ ചമതച്ചാലിൽ അപകടമുണ്ടായത്. റോഡരികിലൂടെ മുത്തശ്ശിയും കുട്ടിയും നടന്നുപോകുന്നതിനിടെ പറകിൽനിന്ന് നിയന്ത്രണം വിട്ടെത്തിയ കാർ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു.

കുട്ടി അപകട സ്ഥലത്തുവെച്ചുതന്നെ മരിച്ചു. മുത്തശ്ശിയെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടിയുടെ മാതാപിതാക്കൾ വിദേശത്താണ്.


അപകടത്തിനിടയാക്കിയ കാർ

# വികസനത്തിലേക്ക് വഴിയൊരുക്കി തീരദേശപാത; കണ്ണൂർ ജില്ലയിൽ നിർമാണം പുരോഗമിക്കുന്നു



കണ്ണൂർ : ഗതാഗത-തീരദേശ മേഖലകൾക്കും ടൂറിസത്തിനും വികസനപാതയൊരുക്കുന്ന തീരദേശ ഹൈവേയുടെ നിർമാണം ജില്ലയിൽ പുരോഗമിക്കുന്നു. ജില്ലയിൽ 60 കിലോമീറ്റർ നീളത്തിലാണ് പാത. സംസ്ഥാനമൊട്ടാകെ വിഭാവനം ചെയ്യുന്ന 14 മീറ്റർ വീതിയുള്ള പാതയുടെ നിർമാണ ചെലവ് 6500 കോടി രൂപയാണ്. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കേരള റോഡ് ഫണ്ട് ബോർഡിലാണ് നിർമാണ ചുമതല. നിലവിലുള്ള ദേശീയപാതകളും സംസ്ഥാനപാതകളും തീരദേശ ഹൈവേയുടെ ഭാഗമാക്കിയും പുതിയ നിർമാണങ്ങൾ നടത്തിയും 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്.

ഡ്രെയിനേജ്, സൈക്കിൾ യാത്രക്കാർക്ക് പ്രത്യേക ട്രാക്ക്, 7 മീറ്ററിൽ വാഹന പാത, നടപ്പാത, ബസ് ബേകൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടിയാണ് നിർമാണം. രാജ്യാന്തര നിലവാരത്തിൽ രണ്ടര മീറ്റർ വീതിയുള്ള സൈക്കിൾ ട്രാക്കാണ് നിർമിക്കുക. മാഹി പാലം മുതൽ രാമന്തളി വരെയാണ് ജില്ലയിലൂടെ പാത കടന്നുപോകുന്നത്. മാഹി പാലം-ധർമടം പാലം, ധർമടം-എടക്കാട്, എടക്കാട്-കുറുവ, കുറുവ -പ്രഭാത് ജംക്ഷൻ, പ്രഭാത് ജംക്ഷൻ-പയ്യാമ്പലം, പയ്യാമ്പലം-നീർക്കടവ്, മീൻകുന്ന്-ചാൽബീച്ച്, ചാൽബീച്ച്-അഴീക്കൽ, അഴീക്കൽ-പാലക്കോട്, പാലക്കോട് - കുന്നരു സിറ്റി, കുന്നരു സിറ്റി-പാണ്ട്യാലക്കടവ് എന്നീ റീച്ചുകളിലായാണ് പാതയുടെ നിർമാണം. തിരുവനന്തപുരം പൂവാർ മുതൽ കാസർകോട് കുഞ്ചത്തൂർ വരെ 623 കിലോമീറ്റർ ദൂരത്തിലുള്ള പാതയുടെ ആദ്യ റീച്ച് മലപ്പുറത്ത് ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. 39 റീച്ചുകളിൽ സ്ഥലം ഏറ്റെടുക്കൽ പുരോഗമിക്കുകയാണ്.



# രുചിക്കൂട്ട് അരവ് കേന്ദ്രം പ്രവർത്തനം തുടങ്ങി

കണ്ണൂർ:കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷന്റെയും പന്ന്യന്നൂർ സി ഡി.എസിന്റെയും നേതൃത്വത്തിൽ കുടുംബശ്രീ സംരംഭമായ രുചിക്കൂട്ട് അരവ് കേന്ദ്രം തെക്കേ പന്ന്യന്നൂരിൽ പ്രവർത്തനമാരംഭിച്ചു. കണ്ണൂർ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമായാണ് തുടങ്ങിയത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ശൈലജ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് മെമ്പർ ഇ.വിജയൻ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോർഡിനേറ്റർ എം.വി ജയൻ, വാർഡ് മെമ്പർ കെ.ടി.കെ ശ്രീലത, കുടുംബശ്രീ ജില്ലാ മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ കെ.വിജിത്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.പി.സുരേന്ദ്രൻ എന്നിവർ പങ്കെടുത്തു. വറുത്ത് അരച്ച സാമ്പാർ, ഇറച്ചി, മത്സ്യം, കാളൻ, കൂട്ടുകറി, പച്ചടി, വിവിധ കറിക്കൂടുകൾക്കുള്ള അരച്ച തേങ്ങ, ദോശ മാവ്, ഇഡ്ഡലി മാവ്, പത്തിരി മാവ്, അരി, ഉഴുന്ന് അരവുകളും ലഭിക്കും.

കല്യാണം, മറ്റ് സൽക്കാരം ആവശ്യങ്ങൾക്കും ഓർഡർ സ്വീകരിക്കും.

## ഗർഭനിരോധന ഉറകൾ ചാക്കുകളിലാക്കി തള്ളി

# എൻഫോഴ്സ്മെന്റ് സ്ക്വാഡ് സ്നേഹതീരത്തിന് പിഴയിട്ടു

കണ്ണൂർ : കീഴല്ലൂർ പഞ്ചായത്തിലെ വെള്ളിയാംപറമ്പിൽ ഇരുപതിലധികം ചാക്കുകളിലായി കാലാവധി കഴിയാത്ത അമ്പതിനായിരത്തിലേറെ ഗർഭനിരോധന ഉറകളും ലൂബ്രിക്കന്റ് പാക്കറ്റുകളും ലൈംഗികരോഗനിർണയ കിറ്റുകളും തള്ളിയതിന് കണ്ണൂർ ആസ്ഥാനമായുള്ള കമ്യൂണിറ്റിതല സംഘടനയായ സ്നേഹതീരത്തിന് പിഴ ചുമത്തി. തദ്ദേശവകുപ്പിന്റെ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡാണ് 5000 രൂപ പിഴ ചുമത്തിയത്. രണ്ടാഴ്ച മുൻപാണ് ഇവ വൻതോതിൽ വെള്ളിയാംപറമ്പിൽ തള്ളിയതായി വാർത്തകൾ വന്നത്.

വിവിധ തലങ്ങളിൽ പരിശോധനകൾ നടന്നെങ്കിലും ആരാണ് ഇത് ചെയ്തത് എന്നതിനെ സംബന്ധിച്ച് സൂചനകൾ ഒന്നും ലഭിച്ചിരുന്നില്ല. ചൊവ്വാഴ്ച ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തിയ പ്രത്യേക പരിശോധനയിലാണ് തെളിവുകൾ കണ്ടെത്തി മാലിന്യം തള്ളിയവരെ തിരിച്ചറിഞ്ഞത്.



**കീഴല്ലൂർ പഞ്ചായത്തിലെ വെള്ളിയാംപറമ്പിൽ തള്ളിയ ഗർഭനിരോധന ഉറ പാക്കറ്റുകളും മറ്റും ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധിക്കുന്നു**

കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സുരക്ഷ എംഎസ്എം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 1300 ഓളം വരുന്ന കമ്യൂണിറ്റി അംഗങ്ങൾക്ക് എച്ച്ഐവി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിതരണം ചെയ്യേണ്ടിയിരുന്ന സാധനങ്ങളാണ് പല തവണയായി വെള്ളിയാംപറമ്പിൽ തള്ളിയത്. മാലിന്യം വീണ്ടെടുത്ത് ബയോമെഡിക്കൽ മാലിന്യ സംസ്കരണ ഏജൻസിയായ ഇമേജിന് കൈമാറാനുള്ള നടപടികൾ സ്വീകരിക്കാനും അതിന് ചെലവാകുന്ന തുക ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കാനും ജില്ലാ സ്ക്വാഡ് കീഴല്ലൂർ പഞ്ചായത്തിന് നിർദേശം നൽകി.പരിശോധനയിൽ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ എം. ലജി, ശരീക്കുൽ അൻസാർ, ഹെൽത്ത് ഇൻസ്പെക്ടർ എ.എൻ. ദിജിൽ എന്നിവർ പങ്കെടുത്തു.

## 14 വയസുകാരി 7 ആഴ്ച ഗർഭിണി; വിവരം പുറത്തറിയുന്നത് ലാബ് പരിശോധനയിൽ, അച്ഛൻ അറസ്റ്റിൽ

പത്തനംതിട്ട: പത്തനംതിട്ടയിൽ 14 വയസുകാരി ഗർഭിണിയായ സംഭവത്തിൽ അച്ഛൻ അറസ്റ്റിൽ. പത്തനംതിട്ട റാന്നിയിൽ സംഭവം. കട്ടപ്പന സ്വദേശിയായ 43 കാരനാണ് പിടിയിലായത്. ഗർഭം സ്ഥിരീകരിച്ചതിനെത്തുടർന്ന് ലാബ് അധികൃതർ പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. 7 ആഴ്ച ഗർഭിണിയാണ് എട്ടാം ക്ലാസുകാരി.

വയറ് വേദനയെ തുടർന്ന് റാന്നിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയ കുട്ടി ഗർഭിണിയായെന്ന് കണ്ടെത്തിയതോടെ ലാബ് അധികൃതർ വിവരം പൊലീസിനെ അറിയിക്കുകയായിരുന്നു. സ്റ്റേഷനിൽ വിവരം കിട്ടിയതിന് പിന്നാലെ കുട്ടിയുടെ അച്ഛനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇയാളെ ചോദ്യം ചെത് വരുകയാണ്. കുട്ടിക്ക് കൗൺസലിംഗ് നൽകുമെന്ന് പൊലീസ് അറിയിച്ചു. ലാബ് അധികൃതർ വിവരം അറിയിച്ചതിന് പിന്നാലെ തന്നെ റാന്നി ഡിവൈഎസ്പി അടക്കമുള്ളവർ ഇടപെട്ട നടപടികൾ വേഗത്തിലാക്കുകയായിരുന്നു.പോക്സോ കേസ് രജിസ്റ്റർ ചെയ്ത പൊലീസ് അച്ഛൻറെ അറസ്റ്റ് രേഖപ്പെടുത്തി. ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ പെൺകുട്ടി ലൈംഗിക പീഡനത്തിനിരയായെന്നാണ് പൊലീസ് കണ്ടെത്തൽ. ഭയമൂലം കുട്ടി പീഡനവിവരം ആരോടും തുറന്നുപറഞ്ഞില്ല. കട്ടപ്പന സ്വദേശിയായ പ്രതി 14 വർഷം മുൻപാണ് പെൺകുട്ടിയുടെ അമ്മയ്ക്കൊപ്പം താമസം തുടങ്ങിയത്. നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്തിട്ടില്ലെന്നും പൊലീസ് പറയുന്നു.



# ലഹരിക്കെതിരെ 'ഡെയിഞ്ചറസ് വൈബ്' ഹ്യസ്വ ചിത്രം ഒരുങ്ങുന്നു

കോഴിക്കോട് : സമൂഹത്തെ കാർന്ന് തിന്നുന്ന ലഹരിക്കെതിരെയും പുതു തലമുറയെ വഴിതെറ്റിക്കുന്ന മദ്യ,രാസ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയും ഐ മാക്സ് ഗോൾഡ് റൈസിന്റെ ബാനറിൽചലച്ചിത്ര സംവിധായകൻ ഫൈസൽ ഹുസൈൻ അണിയിച്ചൊരുക്കുന്ന 'ഡെയിഞ്ചറസ് വൈബ്' ഹ്യസ്വ ചിത്രത്തിന്റെ സ്വിച്ച് ഓൺ കർമ്മം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിർവഹിച്ചു. ചടങ്ങിൽ മേയർ ബീന ഫിലിപ്പ്,കുന്നമംഗലം എംഎൽഎ പി.ടി.എ.റഹീം,മുൻമന്ത്രി തോമസ് ഐസക് തുടങ്ങിയവർ പങ്കെടുത്തു. ചലച്ചിത്ര താരങ്ങളായ ജയരാജ് കോഴിക്കോട്,അപ്പുണി ശശി, സി.ടി.കബീർ,ഇന്ദിര,സോഷ്യൽ മീഡിയ ഇൻഫ്ലുൻസർമാരായ അൻഷി, പാണാലി ജുനൈസ് എന്നിവരാണ് ചിത്രത്തിലെ പ്രധാന താരങ്ങൾ.കോഴിക്കോടും പരിസര പ്രദേശങ്ങളിലും ചിത്രീകരണം ആരംഭിക്കുന്ന 'ഡെയിഞ്ചറസ് വൈബിന്റെ'കഥയും,എഡിറ്റിങ്ങും,സംവിധാനവും ഫൈസൽ ഹുസൈനാണ്. തിരക്കഥ റിയാസ് പെരുമ്പടവ്.ജൂൺ അവസാനം റിലീസ് ചെയ്യുന്ന ചിത്രം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സാംസ്ക്കാരിക കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കും.പ്രബീഷ് ലിൻസിയാണ് ചിത്രത്തിന് ക്യാമറ ചലിപ്പിക്കുന്നത്.സി.പി അബ്ദുൽ വാരിഷ് ആണ് ചിത്രത്തിന്റെ നിർമ്മാണം.

# മുഹമ്മദ് റഫി സുരോൻ കാ സർതാജ് ബ്രോഷർ പ്രകാശനം

കോഴിക്കോട്: മുഹമ്മദ് റഫിയുടെ ജീവിതത്തെയും, വിസ്മയിപ്പിക്കുന്ന അദ്ദേഹത്തിന്റെ ഗാനങ്ങളെയും ആസ്പദമാക്കി കോഴിക്കോട് നടക്കാവ് സ്വദേശി സി.പി.ആലിക്കോയ തയ്യാറാക്കി ലിപി പബ്ലിക്കേഷൻ പ്രസിദ്ധീകരിക്കുന്ന 300 പേജുകൾ ഉൾകൊള്ളുന്ന 'മുഹമ്മദ് റഫി നാദ വിസ്മയം' പുസ്തകത്തിന്റെ പ്രകാശനത്തോടനുബന്ധിച്ച് മെയ് 10 ന് വൈകു.6.30 ന് കോഴിക്കോട് ഗോകുലം ഗ്രാന്റ് ഹോട്ടൽ റൂഫ് ടോപ്പിൽ വെച്ച് മുഹമ്മദ് റഫി ലവേർസ് അസോസിയേഷൻ സംഘടിപ്പിക്കുന്ന മുഹമ്മദ് റഫി സുരോൻ കാ സർതാജ് സംഗീത നിശയുടെ ബ്രോഷർ മേയർ ഡോ.ബീന ഫിലിപ്പ് ഡോ.ഖദീജ മുംതാസിന് നൽകി പ്രകാശനം ചെയ്തു. ചടങ്ങിൽ സ്വാഗത സംഘം ചെയർമാൻ പി.കെ. മൊയ്തീൻ കോയ (ബാബു ) അദ്ധ്യക്ഷത വഹിച്ചു.കോർപ്പറേഷൻ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ കെ.കൃഷ്ണകുമാരി, സി.പി.ആലിക്കോയ,എൻ.സി.അബ്ദുള്ളക്കോയ, മുർഷിദ് അഹമ്മദ്.എം.വി, ടി.പി.എം.ഹാഷിർ അലി,ഖൈസ് അഹമ്മദ്.കെ, സി.പി.മാമുക്കോയ എന്നിവർ സംസാരിച്ചു. ജനറൽ കൺവീനർ എം.വി.റംസി ഇസ്മായിൽ സ്വാഗതവും, വർക്കിങ്ങ് ചെയർമാൻ ആർ. ജയന്ത് കുമാർ നന്ദിയും പറഞ്ഞു.

# ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന്റെ 5% ഉടമസ്ഥാവകാശം ഏറ്റെടുത്ത് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

കോഴിക്കോട് : രാജ്യത്തെ മുൻനിര ആരോഗ്യപരിചരണ സേവന ശൃംഖലയായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെയും ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന്റേയും ലയന നടപടികൾക്ക് തുടക്കമായി. ആദ്യഘട്ടമായി ഓഹരിക്കൈമാറ്റ വ്യവസ്ഥയിൽ 5% ഷെയറുകൾ ഏറ്റെടുത്തു. ബിസിപി ഏഷ്യ കക ടോപ്കോ IV പ്രൈവറ്റ് ലിമിറ്റഡ്, സെന്റല്ല മൗറീഷ്യസ് ഹോൾഡിങ്സ് ലിമിറ്റഡ് എന്നീ മാതൃസ്ഥാപനങ്ങളിൽ നിന്നാണ് ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന്റെ ഓഹരികൾ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഏറ്റെടുത്തത്. 2024 നവംബറിലാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെയും ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന്റേയും ലയനം പ്രഖ്യാപിച്ചത്.

849.13 കോടി രൂപ മൂല്യമുള്ള ക്യൂ.സി.ഐ.എല്ലിന്റെ 1,90,46,028 ഇക്വിറ്റി ഷെയറുകളാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന് കൈമാറിയത്. പകരം ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ 1,86,07,969 ഷെയറുകൾ ഒന്നിന് 10 രൂപ നിരക്കിൽ ബിസിപി, സെന്റല്ല കമ്പനികൾക്കും നൽകി. പൂർണമായും ഓഹരികൾ മാത്രം ഉപയോഗിച്ചുള്ള പണരഹിത ഇടപാടാണ് നടന്നത്.

ബി.എസ്.ഇ ലിമിറ്റഡ്, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡ്, കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യ എന്നിവയുടെ അനുമതിയോടെയാണ് ഓഹരിക്കൈമാറ്റത്തിന് തുടക്കമിട്ടത്. ഇരുസ്ഥാപനങ്ങളിലെയും നിക്ഷേപകരെയും വിശ്വാസത്തിലെടുത്ത ശേഷമായിരുന്നു നീക്കം. ഇപ്പോൾ നടന്നിട്ടുള്ള ഓഹരിക്കൈമാറ്റം പ്രാബല്യത്തിൽ വരുന്നതിനും മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ അന്തിമഘട്ട അനുമതി ആവശ്യമാണ്.

ഇന്ത്യയിലെ ഏറ്റവും ശക്തമായ ആരോഗ്യസേവന ശൃംഖലയായി മാറുന്നതിനുള്ള യാത്രയിലെ നിർണായക ചുവടുവെയ്പ്പാണ് ഈ ഓഹരിക്കൈമാറ്റമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. വിപണിയിൽ ഏറെ തന്ത്രപ്രധാനമായ നീക്കമാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറും ക്യൂ.സി.ഐ.എല്ലും തമ്മിലുള്ള ലയനം. അതിലേക്കുള്ള ആദ്യ പടിയാണ്

Aster
HOSPITAL
We'll Treat You Well

ഇപ്പോഴത്തെ ഓഹരിക്കൈമാറ്റമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലുടനീളം സാന്നിധ്യമുള്ള ഒരു ഏകീകൃത ആശുപത്രി ശൃംഖലയ്ക്ക് അടിത്തറ പാകുന്നതാണ് ഈ നീക്കം. ലയനം പൂർത്തിയാകുന്നതോടെ എല്ലാ നിക്ഷേപകർക്കും പങ്കാളികൾക്കും ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രയോജനങ്ങൾ ലഭിക്കുമെന്നും ഡോ. ആസാദ് മൂപ്പൻ വ്യക്തമാക്കി.

പുതുതായി ഇഷ്യൂ ചെയ്തിട്ടുള്ള ഷെയറുകൾക്ക് ആസ്റ്ററിന്റെ നിലവിലെ ഓഹരികളുടെ അതേ മൂല്യവും ഉടമസ്ഥാവകാശവും തന്നെയാകും ഉണ്ടാവുക.

നിയമപ്രകാരമുള്ള അനുമതികൾ കിട്ടിക്കഴിഞ്ഞാൽ ലയനം പൂർത്തിയാകും. പിന്നെ ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ' എന്നായിരിക്കും സ്ഥാപനം അറിയപ്പെടുക. ആസ്റ്ററിനും ബിസിപിക്കും ഒരുമിച്ചായിരിക്കും പിന്നീടുള്ള നിയന്ത്രണാവകാശം. ഇന്ത്യയിലെ പ്രബലരായ രണ്ട് ആരോഗ്യസേവന ദാതാക്കൾ കൈകോർക്കുന്നതിനെ ഏറെ പ്രതീക്ഷയോടെയാണ് വിപണി ഉറ്റുനോക്കുന്നത്. രാജ്യത്തുടനീളം ഉന്നതനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഒരുക്കുകയാണ് ഇരുസ്ഥാപനങ്ങളുടെയും ലക്ഷ്യം. ഈ വർഷം തന്നെ ലയനം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# കോഴിക്കോട് ജില്ലാ അസോസിയേഷൻ 15ാം വാർഷികാഘോഷം മേയ് രണ്ടിന്

കുവൈത്ത് സിറ്റി: കോഴിക്കോട് ജില്ല അസോസിയേഷൻ കുവൈത്ത് 15ാം വാർഷികാഘോഷം മേയ് രണ്ടിന് അബ്ബാസിയ സെൻട്രൽ സ്കൂൾ ഓപ്പൺ ഓഡിറ്റോറിയത്തിൽ നടക്കും. വൈകിട്ട് അഞ്ചിന് ആരംഭിക്കുന്ന ആഘോഷത്തിൽ അക്ബർ ഖാൻ, സജിലി സലീം, സലീൽ സലീം, സമിയ , വിഷ്ണു തുടങ്ങിയ ഗായകരും കീബോർഡിസ്റ്റ് സുശാന്ത്, സന്തോഷ്, ബൈജു എന്നിവർ അടങ്ങുന്ന ഓർക്കസ്ട്രാ ടീമും പരിപാടികൾ അവതരിപ്പിക്കും. മഹിളാവേദി, ബാലവേദി ടീമുകളുടെ നൃത്താവിഷ്കാരവും നടക്കും.

വാർത്ത സമ്മേളനത്തിൽ അസോസിയേഷൻ പ്രസിഡന്റ് രാഗേഷ് പറമ്പത്, ജനറൽ സെക്രട്ടറി കെ വി ഷാജി, ട്രഷറർ സി ഹനീഫ്, പി വി ഫെസ്റ്റ് ജനറൽ കൺവീനർ നജീബ്, കെ കെ മീഡിയ സെക്രട്ടറി, മെഡക്സ് മെഡിക്കൽ കെയർ പ്രസിഡന്റ് വി പി മുഹമ്മദാലി, മംഗോ ഹൈപ്പർ ഓപ്പറേഷൻ മാനേജർ മുഹമ്മദ് അലി, അഹ്മദ് അൽ മഗ്രിബി പെർഫ്യൂംസ് കൺട്രി മാനേജർ ഹസൻ മൻസൂർ ചൂരി, മഹിളാവേദി പ്രസിഡന്റ് ഹസീന ഷറഫ്, മഹിളാവേദി സെക്രട്ടറി രേഖ, സിറാജ് എരഞ്ഞിക്കൽ, ടി കെ അബ്ദുൽ നജീബ് എന്നിവർ പങ്കെടുത്തു.

## കഞ്ചാവ് ചെടികൾ കണ്ടെത്തി

കോഴിക്കോട്: കോഴിക്കോട് തൊട്ടിൽ പാലത്ത് കഞ്ചാവ് ചെടികൾ കണ്ടെത്തി. വേട്ടോറേമ്മൽ ഉന്നതിയിലെ വീട്ടിലാണ് 8 കഞ്ചാവ് ചെടികൾ കണ്ടെത്തിയത്. പശ്ചിമ ബംഗാൾ സ്വദേശിയും കുടുംബവുമാണ് ഈ വീട്ടിൽ താമസിക്കുന്നത്. സ്ഥലത്ത് പൊലീസ് പരിശോധന നടത്തി.

സംസ്ഥാനത്ത് ലഹരി ഉപയോഗം നിയന്ത്രിക്കാനായി വ്യത്യസ്ത പദ്ധതികളാണ് എക്സൈസും കേരള സർക്കാരും ചേർന്ന് സംഘടിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ലഹരി കേന്ദ്രങ്ങൾക്കായുള്ള തിരച്ചിൽ ശക്തമാക്കിയിട്ടുണ്ട്. സിനിമ മേഖലയിലുൾപ്പടെയുള്ള അന്വേഷണം വ്യാപിച്ചിരിക്കുകയാണ്. സിനിമ താരങ്ങളെയും നിരീക്ഷിച്ച് വരികയാണ്.

പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

ദിനപത്രത്തിലും, ഓൺലൈൻ പോർട്ടലിലും, യൂട്യൂബിലും പരസ്യം നൽകാൻ വിളിക്കുക

PH:9037319971, 0495 2769086

വസ്തു പ്രമാണം, സർട്ടിഫിക്കറ്റുകൾ, മറ്റു രേഖകൾ, പേരുമാറ്റം തുടങ്ങിയ ക്ലാസിഫൈഡ്സ് പരസ്യങ്ങൾ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കുന്നതാണ്.

OFFICE ADDRESS: Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com,

യൂട്യൂബ് ചാനൽ
https://www.youtube.com/channel/

ഓൺലൈൻ പോർട്ടൽ
www.peoplesreview.co.in

പീപ്പിൾസ് റിവ്യൂ PUBLICATIONS

# മുംബൈയ്ക്കെതിരെ കനത്ത തോൽവി; രാജസ്ഥാനും പുറത്ത്

ജയ്പൂർ: നിർണായക ഐപിഎൽ മത്സരത്തിൽ മുംബൈ ഇന്ത്യൻസിനോട് നൂറ് റൺസിന്റെ തോൽവി നേരിട്ട രാജസ്ഥാൻ റോയൽസ് ടൂർണമെന്റിൽ നിന്ന് പുറത്ത്. മുംബൈ ഉയർത്തിയ 218 വിജയലക്ഷ്യം പിന്തുടർന്ന രാജസ്ഥാൻ 16.1 ഓവറിൽ 117 റൺസിന് ഓൾഔട്ടായി. ചെന്നൈ സൂപ്പർ കിങ്സിനു ശേഷം ടൂർണമെന്റിൽനിന്നു പുറത്താകുന്ന രണ്ടാമത്തെ ടീമാണ് രാജസ്ഥാൻ. തുടർച്ചയായ ആറാം ജയത്തോടെ മുംബൈ പോയിന്റ് പട്ടികയിൽ ഒന്നാമതായി.


രാജസ്ഥാൻ താരം ധ്രുവ് ജുറെൽ ബൗൺസറിൽ നിന്ന് ഒഴിഞ്ഞുമാറുന്നു

ഇന്നിങ്സിന്റെ നാലാം പന്തിൽ തന്നെ രാജസ്ഥാന്റെ വിധി കുറിക്കപ്പെട്ടു. കഴിഞ്ഞ മത്സരത്തിൽ വെടിക്കെട്ട് ബാറ്റിങ്ങുമായി ടീമിനെ വിജയത്തിലേക്കു നയിച്ച വൈഭവ് സൂര്യവംശി 'സംപൂജ്യനായി' മടങ്ങിയപ്പോഴായിരുന്നു അത്. പിന്നാലെ ബാറ്റിങ്ങിനെത്തിയ ബാറ്റർമാരെല്ലാം പവലിയനിലേക്ക് പോകുന്ന കാഴ്ചയാണ് കണ്ടത്. പവർപ്ലേയിൽ തന്നെ രാജസ്ഥാന്റെ അഞ്ച് വിക്കറ്റുകളാണ് നഷ്ടമായത്. 4.5 ഓവറിൽ 47ന് 5 എന്ന ദയനീയ സ്ഥിതിയിലായിരുന്നു അവർ. 27 പന്തിൽ 30 റൺസെടുത്ത ജോഫ്ര ആർച്ചറാണ് രാജസ്ഥാൻ ടീമിലെ ടോപ് സ്കോറർ.

വൈഭവ് സൂര്യവംശി (പൂജ്യം), യശ്വസി ജയ്സ്വാൾ (6 പന്തിൽ 13), നിതീഷ് റാണ (11 പന്തിൽ 9), റിയാൻ പരാഗ് (8 പന്തിൽ 16), ധ്രുവ് ജുറേൽ (11 പന്തിൽ 11)), ഷിമ്രോൺ ഹെറ്റ്മെയർ (പൂജ്യം), മഹീഷ് തീക്ഷണ (9 പന്തിൽ 2), കുമാർ കാർത്തികേയ (4 പന്തിൽ 2), ആകാശ് മധ്വാൾ (9 പന്തിൽ 4*) എന്നിങ്ങനെയാണ് മറ്റു ബാറ്റർമാരുടെ സ്കോറുകൾ. അവസാന വിക്കറ്റിൽ ആർച്ചർ നടത്തിയ ചെറുത്തുനിർപ്പാണ് രാജസ്ഥാൻ സ്കോർ 100 കടത്തിയത്.ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ മുംബൈ, നിശ്ചിത 20 ഓവറിൽ രണ്ടു വിക്കറ്റ് നഷ്ടത്തിലാണ് 217 റൺസെടുത്തത്. സീസണിലെ തങ്ങളുടെ മൂന്നാം അർധസെഞ്ചറികളുമായി റയാൻ റിക്കിൾട്ടനും (38 പന്തിൽ 61) രോഹിത് ശർമയും (36 പന്തിൽ 53) ഓപ്പണിങ് ഗംഭീരമാക്കിയപ്പോൾ പിന്നാലെയെത്തിയ സൂര്യകുമാർ യാദവും (23 പന്തിൽ 48*), ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യയും (23 പന്തിൽ 48*) ഫിനിഷിങ്ങും മികച്ചതാക്കി. ജയ്പൂരിൽ ഒരു ഐപിഎൽ ടീമിന്റെ ഏറ്റവും മികച്ച ടോട്ടലാണ് മുംബൈ കുറിച്ചത്.




# ഹുലെൻ ലൊപെറ്റേഗ്വി ഖത്തർ ഫുട്ബോൾ ടീം പരിശീലകൻ

ദോഹ: മുൻ സ്പാനിഷ് ദേശീയ ടീം പരിശീലകൻ ഹുലെൻ ലൊപെറ്റേഗ്വി ഖത്തർ ഫുട്ബോൾ ടീമിന്റെ പുതിയ കോച്ചാകും. 2027 വരെയാണ് കരാർ. ലോകകപ്പ് യോഗ്യതയാണ് ലൊപെറ്റേഗ്വിക്ക് മുന്നിലുള്ള കടമ്പ. സ്പെയിനിന്റെ ദേശീയ ടീം, യൂത്ത് ടീമുകൾ, റയൽ മാഡ്രിഡ്, ഇംഗ്ലീഷ് ക്ലബ് വെസ്റ്റ്ഹാം യുണൈറ്റഡ് തുടങ്ങി വമ്പൻ ടീമുകളെ പരിശീലിപ്പിച്ച അനുഭവ സമ്പത്തുമായാണ് വരവ്. നാട്ടുകാരനായ ലൂയിസ് ഗാർഷ്യക്ക് കീഴിൽ അത്ര മികച്ച പ്രകടനമായിരുന്നില്ല ടീമിന്റേത്. വൻകരയിലെ മൂന്നാം റൗണ്ട് യോഗ്യതാ പോരിൽ അമേരിക്കയിലേക്ക് ടിക്കറ്റ് ലഭിക്കില്ലെന്ന് ഉറപ്പായിക്കഴിഞ്ഞു. നാലാം റൗണ്ടിലേക്ക് മുന്നേറി യോഗ്യത നേടുകയാണ് ടീമിന്റെ ലക്ഷ്യം. ജൂൺ അഞ്ചിന് ഇറാനെതിരെ ദോഹയിലാണ് ലൊപെറ്റേഗ്വിയുടെ കീഴിൽ ഖത്തർ ആദ്യ മത്സരത്തിനിറങ്ങുന്നത്.

# വീണ്ടും ആന്റണി തിളങ്ങി, ബെറ്റിസ് ഫിയോറെന്റീനയെ തോൽപ്പിച്ചു

യൂറോപ്പാ കോൺഫറൻസ് ലീഗ് സെമിഫൈനലിന്റെ ആദ്യ പാദത്തിൽ സ്വന്തം മൈതാനത്ത് നടന്ന മത്സരത്തിൽ റയൽ ബെറ്റിസ് ഇറ്റാലിയൻ ക്ലബ്ബായ ഫിയോറെന്റീനയെ 2-1ന് തോൽപ്പിച്ചു.



കളി തുടങ്ങി ആറാം മിനിറ്റിൽ തന്നെ സ്പാനിഷ് ടീം ലീഡ് നേടി. സെഡ്രിക് ബകംബു നൽകിയ പാസിൽ നിന്ന് അബ്ദെസ്സമദ് എസ്സാൽസൗലി തൊടുത്ത ശക്തമായ ഷോട്ട് ക്രോസ്ബാറിന് താഴെ തട്ടി വലയിൽ കയറി. പന്ത് പുറത്തേക്ക് തെറിച്ചെങ്കിലും വാർ ഗോൾ അനുവദിച്ചു.

രണ്ടാം പകുതിയിൽ 64-ാം മിനിറ്റിൽ ആന്റണി മനോഹരമായ ഒരു ഹാഫ്-വോളിയോയിലൂടെ ബെറ്റിസിന്റെ ലീഡ് രണ്ടാക്കി ഉയർത്തി. ബോക്സിന് പുറത്തുനിന്ന് താരം തൊടുത്ത ഷോട്ട് പോസ്റ്റിലേക്ക് തുളഞ്ഞുകയറി.തുടർച്ചയായി മൂന്നാം തവണയും കോൺഫറൻസ് ലീഗ് ഫൈനൽ ലക്ഷ്യമിടുന്ന ഫിയോറെന്റീന 73-ാം മിനിറ്റിൽ തിരിച്ചടിച്ചു. ലൂക്കാ റാനിയേരി ക്ലോസ് റേഞ്ചിൽ നിന്ന് പന്ത് വലയിലെത്തിച്ചു.അടുത്ത വ്യാഴാഴ്ച ഫ്ലോറൻസിൽ നടക്കുന്ന രണ്ടാം പാദ മത്സരത്തിൽ ഫിയോറെന്റീനയ്ക്ക് ഈ നേരിയ ലീഡ് മറികടക്കേണ്ടതുണ്ട്. ഈ മത്സരത്തിലെ വിജയികൾ മെയ് 28ന് വ്രോക്ലാവിൽ നടക്കുന്ന ഫൈനലിൽ ഡ്യൂർഗാർഡൻ അല്ലെങ്കിൽ ചെൽസിയെ നേരിടും.

## ഇടുക്കിയിൽ പുതിയ ക്രിക്കറ്റ് അക്കാദമിയുമായി കെ.സി.എ

തിരുവനന്തപുരം: കേരള ക്രിക്കറ്റിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള ക്രിക്കറ്റ് അസോസിയേഷന്റെ കീഴിലുള്ള ക്രിക്കറ്റ് അക്കാദമികൾ നവീകരിക്കുന്നു.എറണാകുളത്ത് ചേർന്ന കേരള ക്രിക്കറ്റ് അസോസിയേഷൻറെ പ്രത്യേക ജനറൽ ബോഡി യോഗത്തിലാണ് തീരുമാനം.ഇടുക്കിയിൽ പുതിയ സ്റ്റേറ്റ് ബോയിസ് അക്കാദമി ആരംഭിക്കാനും തീരുമാനമായി. ഈ അക്കാദമി യിലേയ്ക്കുള്ള ജില്ലാതല സെലക്ഷൻ മെയ് മാസം ആരംഭിക്കും.എഴുപത്തിഅഞ്ചാം വർഷം ആഘോഷിക്കുന്ന കേരള ക്രിക്കറ്റ് അസോസിയേഷന്റെ വിവിധ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചു.

# ചാമ്പ്യൻസ് ലീഗ് തോൽവിക്ക് പിന്നാലെ അൽ ഹിലാൽ പരിശീലകനെ പുറത്താക്കി

ബ്രസീൽ ദേശീയ ടീം പരിശീലക സ്ഥാനത്തേക്ക് പരിഗണിക്കുന്ന ജോർഗെ ജീസസിനെ അൽ-ഹിലാൽ പുറത്താക്കി.

എഎഫ്സി ചാമ്പ്യൻസ് ലീഗ് സെമിഫൈനലിൽ സൗദി ടീമായ അൽ-അഹ്ലിയോട് പരാജയപ്പെട്ടതിനെ തുടർന്നാണ് നടപടി. ചൊവ്വാഴ്ച നടന്ന മത്സരത്തിൽ 3-1ന്റെ തോൽവി ടീമിന് തിരിച്ചടിയായി.

സൗദി മാധ്യമമായ അൽ-റിയാദിന്റെ റിപ്പോർട്ട് അനുസരിച്ച്, സൗദി പ്രോ ലീഗ് ഉൾപ്പെടെ മൂന്ന് കിരീടങ്ങൾ ക്ലബ്ബിന് നേടിക്കൊടുത്ത 70-കാരനായ പരിശീലകനെ വ്യാഴാഴ്ച ക്ലബ് പുറത്താക്കി.നേരത്തെ 2018 മുതൽ 2019 വരെ അൽ-ഹിലാലിനെ പരിശീലിപ്പിക്കുകയും പിന്നീട് ഫ്ലെമെംഗോയിൽ മികച്ച



പ്രകടനം നടത്തുകയും ചെയ്ത ജീസസിനെ ബ്രസീൽ ദേശീയ ടീമിന്റെ പരിശീലക സ്ഥാനത്തേക്ക് പരിഗണിക്കുന്നുണ്ട്.ബ്രസീലിയൻ ഫുട്ബോൾ കോൺഫെഡറേഷൻ (സിബിഎഫ്) ഇപ്പോഴും റയൽ മാഡ്രിഡിന്റെ കാർലോ അഞ്ചലോട്ടിയെ ആണ് പ്രഥമ ലക്ഷ്യമായി കാണുന്നത്. ആഞ്ചലോട്ടിയുമായുള്ള ചർച്ച വിജയിച്ചില്ല എങ്കിൽ സിബിഎഫ് ജീസസിനെ പരിഗണിക്കും.

# വിഴിഞ്ഞം പദ്ധതി പൊടി തട്ടിയെടുത്തത് എം.വി രാഘവൻ

**ജി.നാരായണൻ കുട്ടി മാസ്റ്റർ**

വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഭാരതത്തിന്റെയും, കേരളത്തിന്റെയും രാഷ്ട്രീയ നേതൃത്വങ്ങൾ വലിയ തോതിൽ പ്രചരണം സംഘടിപ്പിച്ചുകൊണ്ട് ഇന്ന് വിഴിഞ്ഞത്ത് വെച്ച് അന്തർദേശീയ തുറമുഖം കമ്മീഷൻ ചെയ്യുമ്പോൾ, ജനങ്ങൾക്ക് സമർപ്പിക്കുമ്പോൾ സ്മരിക്കപ്പെടേണ്ട നാമമാണ് സംസ്ഥാന സഹകരണ-തുറമുഖ വകുപ്പ് മന്ത്രിയായിരുന്ന എം.വി.രാഘവന്റേത്.



തിരുവിതാംകൂർ മഹാരാജാവാണ് ഈ തുറമുഖത്തിന്റെ സാധ്യതകൾ ആദ്യമായി പഠിച്ചതും ബ്രിട്ടീഷുകാരോട് സഹായമഭ്യർത്ഥിച്ചുകൊണ്ട് തുറമുഖത്തിന്റെ അനന്ത സാധ്യതകൾ പുറം ലോകത്തെത്തിച്ചത്. ബ്രിട്ടീഷുകാരുടെ വേണ്ട വിധത്തിലുള്ള സഹായ സഹകരണമില്ലാതെ പദ്ധതി മുന്നോട്ട് കൊണ്ട്പോവാനായില്ല. പിന്നീട് ഐക്യകേരളം സ്ഥാപിതമായതിന് ശേഷം സംസ്ഥാന മുഖ്യമന്ത്രിമാരായിരുന്ന അച്യുതമേനോനും കെ.കരുണാകരനും ഈ തുറമുഖത്തിന്റെ സാധ്യതകൾ പരിശോധിച്ചെങ്കിലും അതൊന്നും വേണ്ടവിധം നടപ്പിലാക്കിയെടുക്കാൻ അവർക്കും സാധിച്ചില്ല. ഏറ്റവുമൊടുവിൽ 2001ൽ അധികാരത്തിൽ വന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മന്ത്രിസഭയിൽ സഹകരണത്തിന് പുറമെ തുറമുഖ വകുപ്പും എം.വി.രാഘവന് കൈകാര്യം ചെയ്യുകയുണ്ടായി. ഇക്കാലത്താണ് സഹകരണ രംഗത്ത് ഗഹാൻ രജിസ്ട്രേഷൻപോലുള്ള കാര്യങ്ങൾ എം.വി.ആർ നടപ്പിലാക്കിയത്. അതുവരെ തട്ടുംപുറത്ത് വിശ്രമിക്കുകയായിരുന്ന വിഴിഞ്ഞം പദ്ധതി പ്രൊജക്ട് അദ്ദേഹം പൊടിതട്ടിയെടുത്ത്, സംസ്ഥാന ചീഫ് സെക്രട്ടറിയായിരുന്ന ഡോ.കെ.ജയകുമാറിനെപോലെ പ്രഗൽഭരായ ഉദ്യോഗസ്ഥരുടെ പിന്തുണയോടെ ഒരു പുതിയ പ്രൊജക്ട് ഇക്കാര്യത്തിൽ നടപ്പിലാക്കാൻ അദ്ദേഹം തയ്യാറായി. മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയുടെ നിർലോഭമായ സഹായസഹകരണങ്ങൾ ഈ പദ്ധതിക്ക് ലഭിക്കാനും വകുപ്പ് മന്ത്രിയായിരുന്ന എം.വി.ആർ പരിശ്രമിച്ചു. നിയുക്ത കപ്പൽ ചാലുകൾ വിട്ട് കടൽത്തീരത്തിനടുത്തേക്ക് കപ്പലുകൾക്ക് സ്വാഭാവികമായി കടന്നുവരാനുതകുന്ന ഏറ്റവും ആഴം കൂടിയ ഇന്ത്യയിലെതന്നെ ഏറ്റവും സുപ്രധാനമായ കടൽതീരമാണ് വിഴിഞ്ഞത്തേത്. ഡ്രഡ്ജിംഗ് ചെയ്യാതെ തന്നെ മദർഷിപ്പുകൾക്ക് കടന്നുവരാൻ പാകത്തിൽ പതിനെട്ട് മുതൽ ഇരുപത് മീറ്റർ വരെ ആഴമുള്ള സമുദ്ര തീരം വിഴിഞ്ഞത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. സിംഗപ്പൂർ, മലേഷ്യ, യു എ ഇ പോലുള്ള രാജ്യങ്ങളിലെ തുറമുഖങ്ങളോട് മത്സരിക്കാൻ വിഴിഞ്ഞം നമ്മെ പ്രാപ്തരാക്കുന്നു. ട്രാൻസ്ഷിപ്പ്മെന്റ് കൂടുതൽ ലാഭകരമായും നടത്താൻ വിഴിഞ്ഞത്ത് സാധ്യതകളുണ്ട്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ദീർഘദർശിയായ ഭരണാധികാരിയായിരുന്ന എം.വി.ആറിന്റെ സംഭാവനകൾ കേരളമെന്നും ഓർക്കും.ലേഖകൻ സിഎംപി സംസ്ഥാന സെക്രട്ടറിയേറ്റംഗമാണ്.

# ബിസിനസ് കോൺക്ലേവ് 5ന് കാലിക്കറ്റ് ട്രേഡ് സെന്ററിൽ

കോഴിക്കോട്: ഇൻഡോ ട്രാൻസ് വേൾഡ് ചേംബർ ഓഫ് കൊമേഴ്സിന്റെ (ഐടിസിസി) നേതൃത്വത്തിൽ കുടുംബ വ്യവസായത്തിന്റെ ശക്തിയെ വിശകലനം ചെയ്യുന്ന ബിസിനസ് കോൺക്ലേവ് മെയ് 5ന്. കാലിക്കറ്റ് ട്രേഡ് സെന്ററിൽ രാവിലെ 9 മുതൽ വൈകിട്ട് 6 വരെ പരിപാടി നടക്കും. വ്യവസായികൾ, സംരംഭകർ, മാനേജ്മെന്റ് വിദ്യാർത്ഥികൾ, കുടുംബ വ്യവസായം മുന്നോട്ടുകൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നവർ എന്നിവരാണ് പരിപാടിയിൽ പങ്കെടുക്കുന്നത്.ഉച്ചക്ക് 12 മണിക്ക് 'ഗ്രാൻഡ് ഗോൾഡ് ആൻഡ് ഡയമണ്ട്' എന്ന പുതുതായി ആരംഭിക്കുന്ന സ്ഥാപനത്തിന്റെ ലോഗോ പ്രകാശനം നടക്കും.വ്യവസായ മേഖലയിലെ പ്രശസ്തരും പ്രചോ




ദനാത്മകമായ പ്രകടനങ്ങളിലൂടെ ശ്രദ്ധ നേടിയ ആഗോള മനുഷ്യ സേവകൻ മോഹൻജി,മാനേജ്മെന്റ് ചിന്തകനും സംസ്ക്കാര വിദഗ്ദൻ സന്തോഷ് ബാബു,ബിസിനസ് തന്ത്രഞ്ജനും കോച്ചുമായ മധു ഭാസ്കരൻ,മെന്ററും ഗ്രോത്ത് സട്രാറ്റജിസ്റ്റ് വി.കെ. മാധവ് മോഹൻ,പ്രചോദനാത്മ പരിശീലക സഹല പർവീൻ,കോർപ്പറേറ്റ് കൺസൽട്ടൻറ് സി.എസ്. ആഷിക്ക് എം , ഡിജിറ്റൽ ലെഗസി ആർക്കിട്ടക്റ്റ് എ.എം. സുരേഷ് കുമാർ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുക്കും. വാർത്താ സമ്മേളനത്തിൽ ഐ ടി സി സി ചെയർമാൻ അബ്ദുൽ കരീം, എക്സി. ഡയറക്ടർ രാജേഷ് ശർമ, ഗ്രാൻഡ് ഗോൾഡ് ചെയർമാൻ ഷുക്കൂർ കിനാലൂർ, ഗ്രാൻഡ് ഗോൾഡ് എക്സി. ഡയറക്ടർ നിഷാന്ത് തോമസ്, ഐ ടി സി സി സെക്രട്ടറി ഹിബിൻ പാലക്കൽ എന്നിവർ പങ്കെടുത്തു.

പരിപാടിയിൽ പങ്കെടുക്കുന്നത് പ്രവേശനം പാസ് മൂലം നിയന്ത്രിക്കും.














PARAGON GROUP OF RESTAURANTS

PARAGON KERALA, INDIA - KOZHIKODE: Kannur Road | KOCHI: LuLu Mall, Edapally • Annex Building, Aster Medcity • World Trade Center, Infopark, Kakkanad • Adlux International Convention Center, Karukutty | TRIVANDRUM • Ulloor Road, Kesavadasapuram • LuLu Mall • KARNATAKA, INDIA - BENGALURU: 1 Sobha, St. Marks Road • DUBAI, UAE - Opp. LuLu Center, Karama • Amman Street, Al Nahda • SALKARA KERALA, INDIA - KOZHIKODE: East Nadakkavu • West Nadakkavu Mini Bypass, Govindapuram | KOCHI: NH 47, Airport Road, Athani • DUBAI, UAE - Near LuLu Mall, Al Qusais • Zee Tower, Media City • Near Our Own School, Al Warqa • SALKARA XPRESS KERALA, INDIA - KOCHI: Metro Pillar 841, Vytilla • M-GRILL KERALA, INDIA - KOZHIKODE: Focus Mall, Rajaji Road • BROWN TOWN KERALA, INDIA - KOZHIKODE: Kannur Road • Pottammal • Matria Hospital • CAFE CALICUT DUBAI, UAE - Next to Calicut Paragon, Karama • FORT PARAGON KERALA, INDIA - Fort Kochi • FOOD COURT OUTLETS SALKARA SHARJAH, UAE - Ansar Mall, Al Nahda • KERALA, INDIA - KOZHIKODE: HiLite Mall • Gokulam Mall | KOCHI: LuLu Mall, Edapally • APPAM & CO. KARNATAKA, INDIA - BENGALURU: 1 Sobha, St. Marks Road

UPCOMING: MEAT & MACKEREL DUBAI, UAE - Al Shafar Tower-Tecom • SALKARA KERALA, INDIA - KOZHIKODE: Wayanad Road


RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.